**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1734** **29-07-2021 - ൽ മറുപടിയ്ക്ക്**

**പതിനൊന്നാം ശമ്പള കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി രൂപീകരിച്ച പതിനൊന്നാം ശമ്പള കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ദീർഘിപ്പിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കാമോ; | (ബി) | കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ മൂലം പ്രവർത്തിദിനങ്ങൾ നഷ്ടപ്പെട്ട സാഹചര്യത്തിൽ കമ്മീഷനെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ പൂർത്തീകരിക്കുന്നതിനായാണ് പ്രധാനമായും കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയത്. |
| (സി) | പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിമാസം സർക്കാരിന് ഉണ്ടാകുന്ന ചെലവ് ഇനം തിരിച്ച് വ്യക്തമാക്കാമോ? | (സി) | 2021 ജൂൺ മാസത്തെ ചെലവിന്റെ അടിസ്ഥാനത്തിൽ ശമ്പള കമ്മീഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രതിമാസ ചെലവുകളുടെ ഇനം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

2021 ജൂൺ മാസത്തെ ചെലവിന്റെ അടിസ്ഥാനത്തിൽ ശമ്പള കമ്മീഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രതിമാസ ചെലവുകളുടെ ഇനം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| **ക്രമ നം** | **ചെലവ്** | **ചെലവായ തുക (രൂപയിൽ)** |
|---|---|---|
| 1 | കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും ഓണറേറിയം | 4,50,000 |
| 2 | കമ്മീഷനിലെ ഉദ്യോഗസ്ഥരുടെ ശമ്പളം | 6,87,054 |
| 3 | കമ്മീഷനിലെ കരാർ ജീവനക്കാരുടെ വേതനം | 53,285 |
| 4 | കമ്മീഷനിലെ ദിവസ വേതന ജീവനക്കാരുടെ വേതനം | 33,775 |
| 5 | കമ്മീഷൻ ഓഫീസിലെ വൈദ്യുതി ചെലവ് | 11,766 |
| 6 | കമ്മീഷൻ ഓഫീസിലെ ടെലിഫോൺ ചെലവ് | 391 |
| 7 | കമ്മീഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക | 1,58,997 |
| 8 | കമ്മീഷൻ ചെയർമാന്റെ ഔദ്യോഗിക വാഹനത്തിന്റെ ഇന്ധന ചെലവ് | 15,000 |
| 9 | കമ്മീഷന്റെ ഒഫീസ് ആവശ്യങ്ങൾക്കായി കരാർ എടുത്ത വാഹനത്തിന്റെ വാടക | 24,496 |
| | **ആകെ** | **14,34,764** |